പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2753 — 14.02.2013 ൽ മറുപടിയ്ക്ക്

# കരമന, കിള്ളിയാർ എന്നീ നദികളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ കരമന, കിള്ളിയാര്‍ എന്നീ നദികൾ ശുചീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദമാക്കുമോ ;<br><br>(ബി) ആയതിനായി ഇനി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (എ) & (ബി) കരമന, കിള്ളി നദികളിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പണികൾക്കായി ജി.ഒ (ആർ.റ്റി) നം.117/12/ഡബ്ല്യൂ.ആർ.ഡി. തീയതി 23/01/2012 പ്രകാരം 27 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതിൻ പ്രകാരമുള്ള പണികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയുമാണ്. ഈ നദികളിൽ ദീർഘകാലാടിസ്ഥാനത്തിൽ വെള്ളപ്പൊക്ക നിവാരണത്തിനായി നടപ്പിലാക്കേണ്ട പദ്ധതികളെ കുറിച്ച് പഠനം നടത്താൻ റൈറ്റ്സ് (RITES) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കരമന, കിള്ളി നദികളിലെ മാലിന്യനിർമ്മാർജ്ജനത്തിനായി 500 കോടി രൂപയുടെ ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതി അംഗീകരിക്കുകയും ആയത് കേന്ദ്രസർക്കാരിന്റെ നദികൾക്കായുള്ള മാലിന്യനിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിൽ വരുത്തുവാനും തീരുമാനിച്ചിട്ടുണ്ട്. മേൽ പറഞ്ഞ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി റൈറ്റ്സ് (ആർ.ഐ.റ്റി.ഇ.എസ്) എന്ന സ്ഥാപനവുമായി 1/10/12 ൽ കരാർ വച്ചിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ